**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **17-03-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. ഫെഡറേഷനിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | എസ്.സി./എസ്.ടി. ഫെഡറേഷനിൽ 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ സമർപ്പിച്ച തെറ്റായ ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ ശിപാർശ ചെയ്ത് ഓഡിറ്റ് ഡയറക്ടർ 2021-ൽ ഗവൺമെൻറ് സെക്രട്ടറിക്ക് പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ ഉത്തരവ് നൽകാത്തതിനെക്കുറിച്ച് വിശദമാക്കുമോ; | (എ) | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ 2010-’11 മുതൽ 2014-’15 വരെയുള്ള ഓഡിറ്റ് നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആകയാൽ ടി കാലയളവിലെ ആഡിറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ട് സഹകരണ ആഡിറ്റ് ഡയറക്ടർ 06.12.2021-ൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ആഡിറ്റ് ഡയറക്ടർ വിശദ പരിശോധനകൾക്ക് ശേഷം ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് വർഷങ്ങൾക്കു ശേഷം റിവൈസ് ചെയ്യണമെന്ന് ശുപാർശ ചെയ്തത് സംബന്ധിച്ച് കൂടുതൽ വിശദീകരണം സർക്കാർ സഹകരണ സംഘം രജിസ്ട്രാറിൽ നിന്ന് ആരായുകയുണ്ടായി. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഫെഡറേഷന്റെ ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നുള്ള വിവരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു. |
| (ബി) | എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കി മുൻവർഷങ്ങളിലെ തെറ്റുകൾ ഉൾപ്പെടെ തിരുത്തി എത്ര ദിവസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് ഫെഡറേഷന് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ബി) | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഇതുവരെയുള്ള ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ ആഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 2010 മുതൽ 2015 വരെയുള്ള സഹകരണ വകുപ്പിലെ സീനിയർ ഓഡിറ്റർ എസ്.സി./എസ്.ടി. ഫെഡറേഷന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി ഓഡിറ്റ് ഡയറക്ടർ സഹകരണ വകുപ്പ് സെക്രട്ടറിക്ക് പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടും പ്രസ്തുത ഓഡിറ്റർക്കെതിരെ നിയമ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ആഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | 2016 മുതൽ ആറ് വർഷമായി ഒരേ സീറ്റിൽ അസിസ്റ്റൻറ് രജിസ്ട്രാർ ആയി ജോലി നോക്കി വരുന്ന സീനിയർ ഓഡിറ്ററെ അന്വേഷണവിധേയമായി സർവീസിൽ നിന്നും പുറത്ത് നിർത്തി അച്ചടക്ക നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ആഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ